# പിശാചിന്റെ പ്ലേ സ്റ്റേഷൻ

മാലാഖമാർ തിരക്കി: ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചോര ചിന്തുകയും ചെയ്യുന്നവരെയാണോ അവിടെ നിശ്ചയിക്കാൻ പോകുന്നത്?'

ഭൂമിയിലെ ശ്രേഷ്ഠനായ സൃഷ്ടിയാണ് മനുഷ്യൻ. ഭൗതികവും ആത്മീയവുമായ ഒട്ടേറെ കഴിവുകളാൽ അവൻ അനുഗൃഹീതനുമാണ്.

നന്മയുടെയും തിന്മയുടെയും രണ്ടുതരം വടംവലികൾക്കിടയിലാണ് മനുഷ്യൻ ജീവിക്കുന്നത്. ചീത്തക്കു വേണ്ടി പ്രേരിപ്പിക്കുന്ന മനസ്സിന്റെയും ചീത്ത ചെയ്തതിന്റെ പേരിൽ ആക്ഷേപിച്ചുകൊണ്ടിരിക്കുന്ന മനസ്സാക്ഷിക്കുമിടയിലാണ് അവന്റെ കർമങ്ങൾ രൂപപ്പെടുക്കുന്നത്. ആത്മീയതയിലൂന്നിയ ദൈവികചിന്തയെക്കാൾ പൈശാചികപ്രേരണയാണ് അവനെ ചൂഴ്ന്നുനിൽക്കുന്നത്.

അനുകൂലസാഹചര്യങ്ങളിലാണ് ആത്മീയകർമങ്ങൾക്ക് വളർച്ച. ചീത്തവൃത്തികളാകട്ടെ നേർവിപരീതവും. പൈശാചികരീതിക്ക് സ്ഥല-കാല സാഹചര്യങ്ങൾ മിക്കപ്പോഴും ഒരു നിബന്ധനയാകുന്നില്ല. അതെപ്പോഴും മനുഷ്യനിൽ സംഭവിക്കാം. നിസ്സാര കാര്യത്തിനു വേണ്ടി ആദം സന്തതികളിൽ മൂത്തവനായ ഖാബേൽ അനുജൻ ഹാബേലിനെ കൊന്നതു മുതൽ അതിനു തുടക്കമായി.

'മനുഷ്യനെ ഞാൻ വഴി തെറ്റിക്കുമെന്ന കരാർ പാലിക്കാൻ പിശാച് ഒരു അവസരം കണ്ടെത്തുകയായിരുന്നോ ഭൂമിയിലെ പ്രഥമ കൊലപാതകത്തിലൂടെ? ഇത്ര നിസ്സാര കാര്യത്തിന് വലിയ പാതകം ചെയ്യാൻ മാത്രം പിശാചിന്റെ കുതന്ത്രമാണോ മനുഷ്യനിലെ ആത്മീയചിന്തയെക്കാൾ ശക്തം? അതല്ല, മനുഷ്യന്റെ ആത്മനിയന്ത്രണം ദുർബലമാണോ?

മനുഷ്യൻ പുറമെനിന്നുള്ള പ്രേരണ കൂടാതെ, സ്വയം തന്നെ തെറ്റിലേക്കും ശരിയിലേക്കും വഴുതിനീങ്ങാൻ പാകത്തിൽ സൃഷ്ടിക്കപ്പെട്ടവനാണോ?

ഒരു കാര്യം തീർച്ച: ഭൂമിയിൽ മനുഷ്യനെ തന്റെ പ്രതിനിധിയായി നിശ്ചയിക്കാൻ പോകുന്നതായി ദൈവികപ്രഖ്യാപനം ഉണ്ടായ നിമിഷം തന്നെ മാലാഖമാർ തിരക്കി: ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചോര ചിന്തുകയും ചെയ്യുന്നവരെയാണോ അവിടെ നിശ്ചയിക്കാൻ പോകുന്നത്'?

വ്യക്തികളുടെയും സമുദായങ്ങളുടെയും സമൂഹങ്ങളുടെയും സംസ്കാരങ്ങളുടെയും നാഗരികതകളുടെയും സംഘട്ടനങ്ങളിലേക്ക് ആശങ്കയോടെ എത്തിനോക്കുകയായിരുന്നു മലക്കുകൾ.

മലക്കുകളുടെ ആശങ്കയിൽനിന്ന് രണ്ട് കാര്യങ്ങൾ വായിച്ചെടുക്കാം:

1. മനുഷ്യൻ വളരെ പെട്ടെന്ന് കുഴപ്പക്കാരനായ പിശാചിന് വഴങ്ങി ഭൂമിയിൽ കുഴപ്പം ഉണ്ടാക്കാനിടയുണ്ട്. അഥവാ, മനുഷ്യന്റെ മനസ്സിന് പിശാചിന്റെ കുതന്ത്രങ്ങളെ പ്രതിരോധിക്കാനുള്ള ശക്തിയില്ല.
2. മനുഷ്യന് നൽകിയ നൈസർഗികബോധം അവന്റെ ആത്മീയതയെക്കാൾ പൈശാചികതക്കാണ് ഉപകരിക്കുക. അതുമൂലം സ്വന്തം ആത്മീയദൗർബല്യവും പരാജയവും നോക്കിക്കാണാനും മനസ്സിലാക്കാനുമും മനുഷ്യന് കഴിയാതെ പോയി.

തെറ്റുകൾ ചെയ്യാൻ പിശാച് മനുഷ്യനെ പ്രേരിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. ഒരിക്കലും അവൻ നിർബന്ധിക്കുന്നില്ല. അവന്റെ പ്രേരണക്ക് പെട്ടെന്ന് വിധേയനാവുകയാണ് മനുഷ്യന്റെ ദുരോഗ്യം. ഈ പ്രേരണയും വിധേയത്വവും രണ്ട് വ്യത്യസ്ത തലങ്ങളിൽനിന്നുള്ള പ്രതികരണങ്ങളാണ്. ഒന്ന് പിശാചാണ്. ദൈവധിക്കാരം എന്ന നയത്തിന്റെ ഭാഗമാകുന്നു അവന്റെ സ്വഭാവം. അതിന്റെ ഭാഗം തന്നെയാണ് മനുഷ്യനെ വഴികേടിലാക്കുകയെന്ന അവന്റെ ജീവധർമവും. അതവൻ ചെയ്തുകൊണ്ടിരിക്കും.

രണ്ടാമത്തേത് മനുഷ്യനാണ്. പിശാചിന്റെ പ്രേരണകൾക്ക് വഴങ്ങാതെ ജീവിക്കുകമൂലം കരഗതമാകുന്നതാണ് അവന്റെ വിജയം. പക്ഷേ, സ്വന്തം ദൗർബല്യങ്ങളെ നിയന്ത്രിക്കാനുള്ള കഴിവ് അവനിൽ പരിമിതമാണ്. അതിനാൽ അവൻ സ്വന്തം ഭാഗധേയം നന്നാക്കുന്നതിനെക്കാൾ പിശാചിന്റെ പ്രേരണക്ക് വിധേയനാകുന്നു.

പിശാച് ചീത്തവൃത്തികൾ സ്വയം വ്യാപരിപ്പിക്കുന്നില്ല. അവന്റെ ശക്തമായ ആയുധം അനിയന്ത്രിതമായ മനുഷ്യദേഹേഛയാണ്. പിശാച് മനുഷ്യരിലൂടെ തന്റെ പദ്ധതികൾക്ക് തലം കണ്ടെത്തുന്നു. അവന്റെ കുതന്ത്രങ്ങളിലൂടെ രൂപമെടുക്കുന്ന എല്ലാ ദുഷ്ടതകളും മനുഷ്യനിലൂടെ ഭൂമിയിൽ സംപ്രേഷിതമാകുന്നു. അതായത്, പിശാചിന്റെ പ്ലേസ്റ്റേഷനാകുന്നു മനുഷ്യൻ. സുഖമനുഭവിക്കാനുള്ള മനുഷ്യമോഹമാണ് പിശാചിന് ആയുധം. ഇതത്രെ ഭൂമിയിൽ എന്നും കുഴപ്പം സൃഷ്ടിച്ചിട്ടുള്ളത്. അത് പല രൂപത്തിലും ഭാവത്തിലും ഘടനയിലും മനുഷ്യരെ പിടികൂടും. ആരോഗ്യകരമല്ലാത്തതെല്ലാം അതിന്റെ ഭാഗമാണ്. അത് തിരിച്ചറിഞ്ഞുവേണം ജീവിക്കുവാൻ.